**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **07-10-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ, ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ട്രൈബൽ ടൂറിസത്തെ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ പരിഗണനയിലുണ്ട്; വിശദമാക്കാമോ; | (എ) | ട്രൈബൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് വയനാട്ടിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് എൻ-ഊരു- ട്രൈബൽ ഡെവലപ്മെന്റ് കം ടൂറിസം. ഈ പദ്ധതിയ്ക്കായി 4,53,65,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നു. ട്രൈബൽ ഇന്റർപ്രെട്ടേഷൻ സെന്റർ ആർട് & ക്രാഫ്റ്റ് വർക് ഷോപ്പ് കഫറ്റീരിയ ആംഭീതിയേറ്റർ ഹെറിറ്റേജ് വാക്/ ലാന്റ്സ്കേപ്പ് ഇന്റീരിയർ വർക്സ് ഇലക്ട്രിക്കൽ & പ്ലംബിംഗ് വർക്സ് സിസിടിവി പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ട്രൈബൽ കമ്മ്യൂണിറ്റിയ്ക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കും. |
| (ബി) | ട്രൈബൽ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ട്രൈബൽ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിനായി നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ടൂറിസം സാധ്യത കണക്കിലെടുത്ത് ആർ.ടി മിഷനുമായി ബന്ധപ്പെടുത്തി പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. |
| (സി) | ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശികളെ ആകർഷിക്കുന്നതിനായി www.keralatourism.org/ecotourism എന്ന മൈക്രോ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എഴുപതോളം ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം ബ്രോഷർ തയ്യാറാക്കിയിട്ടുണ്ട്. ടി ബ്രോഷർ ഇന്ത്യയിലെ വിവിധ ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, വനം വകുപ്പ് എന്നിവർക്ക് ഇതിനോടകം അയച്ചു നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം ട്രേഡ് ഫെയറുകളിലും ഇക്കോ ടൂറിസത്തെ വിപണനം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ